

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കേരള കലാരംഗം കഥകളി വിദ്യാലയം,

പൂതക്കുളം
(രജിസ്ട്രേഷൻ നം. 592/89)

2022-23 സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

കെ.എസ്.എ.കെ.എൽ.എം.എം.എസ്/522/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
പിൻ - 691 001,
ഫോൺ : 0474 – 2740141
E-mail : doklm.ksad@kerala.gov.in

തീയതി – 03.04.2025

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

സെക്രട്ടറി
കേരള കലാരംഗം കഥകളി വിദ്യാലയം,
പൂതക്കുളം, കൊല്ലം.

സർ,

വിഷയം:കേരള കലാരംഗം കഥകളി വിദ്യാലയം, പൂതക്കുളം - 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

കൊല്ലം ജില്ലയിലെ കേരള കലാരംഗം കഥകളി വിദ്യാലയം, പൂതക്കുളം - 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഒരു പകർപ്പ് താങ്കളുടെ അറിവിലേക്കും അനന്തരനടപടികൾക്കുമായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (AIMS)
2. ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഓഫീസ് കോപ്പി.

കെ.എസ്.എ.കെ.എൽ.എം.എം.എസ്./522/25 തീയതി – 03.04.2025

കൊല്ലം ജില്ലയിലെ പൂതക്കുളം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കേരള കലാരംഗം വിദ്യാലയത്തിന്റെ 2022-23 വർഷത്തിലെ വരവ് – ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	ശ്രീമതി എം. ഡി. അമ്പിളി സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	ശ്രീ. അനിൽ.ആർ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ഓഡിറ്റ് നടത്തിയ തീയതി	05-03-2025
ഉത്തരവാദിയായ ഉദ്യോഗസ്ഥൻ	
പ്രസിഡന്റ്	ശ്രീ. സുനിൽരാജ് വി. വട്ടത്താമരവിള, പൂതക്കുളം 1-4-2022 മുതൽ 31-3-2023 വരെ
സെക്രട്ടറി	ശ്രീ. വി. സുരേന്ദ്രൻ പിള്ള, ശ്രുതി, പൂതക്കുളം 1-4-2022 മുതൽ 31-3-2023 വരെ

പരിശോധനയ്ക്ക് വിധേയമാക്കിയ കണക്കുകൾ

2022-23 വർഷത്തിലെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കി. 1.6.1999-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.23/99/സി.എ.ഡി.യിൽ പരാമർശിച്ചിട്ടുള്ള സാംസ്കാരിക സ്ഥാപനങ്ങളുടെ കണക്കുകൾ ഓഡിറ്റ് നടത്തണമെന്നുള്ള സർക്കാരിന്റെ 02.12.2003-ലെ 7841/42/03-ലെ സി.എ.ഡി. നമ്പർ കത്തിന്റെ നിർദ്ദേശപ്രകാരമാണ് ഈ സ്ഥാപനത്തിന്റെ ഓഡിറ്റ് നിർവഹിക്കുന്നത്. 1.6.1999-ലെ സർക്കാർ ഉത്തരവ് പ്രകാരം ധനസഹായത്തിനുള്ള അർഹത പ്രത്യേകം പരിഗണിച്ചുകൊണ്ടുള്ള വിശദമായ പരിശോധനയാണ് നടത്തിയിട്ടുള്ളത്.

ഭാഗം –1

പൊതു അവലോകനം

1-1 പൊതു അവലോകനം

കൊല്ലം ജില്ലയിലെ പൂതക്കുളത്ത്, 1989 ആഗസ്റ്റ് മാസം 9-ാം തീയതി മുതൽ പ്രവർത്തിച്ചുവരുന്ന കലാ സാംസ്കാരിക സംഘടനയായ കേരള കലാരംഗം കഥകളി വിദ്യാലയം 1995-ലെ 12-ാ മത് തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘം രജിസ്ട്രാർ, 1989-ലെ Q-592-നമ്പറായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ രംഗത്തു മികച്ച പ്രവർത്തനം നടത്തുന്ന സംഘടനകൾക്കായി സർക്കാർ നൽകുന്ന ധനസഹായം പ്രതിവർഷം 10,000/-രൂപ, 2002-03 മുതൽ കേരള കലാരംഗത്തിന് ലഭിച്ചു വരുന്നു.

1-2 സ്ഥാപനത്തിന്റെ പ്രവർത്തനം

കഥകളി, കലാരൂപങ്ങൾ, ആസ്വാദന ക്ലാസുകൾ, ഡാൻസ് ക്ലാസുകൾ, ചെണ്ട പരിശീലനം, കഥകളി സംഗീതം, സംഗീതം, വയലിൻ ക്ലാസുകൾ എന്നിവ ഇവിടെ നടത്തിവരുന്നു. 2022-23 കാലയളവിൽ നൂറോളം പേർ സ്ഥാപനത്തിൽ പഠിതാക്കളായിട്ടുണ്ട്.

1-3 സർക്കാർ ധനസഹായം

വർഷം	ഉത്തരവ് നമ്പർ/തീയതി	തുക (₹)	ക്രെഡിറ്റ് വിവരം
2022-23	നം. എ2.8799/22/സാം.വ. തീയതി 04.11.2022	10,000/-	പൂതക്കുളം ഇന്ത്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ട് നമ്പർ - 066801000015303-ൽ 08.11.2022-ന് വരവ് വന്നിട്ടുണ്ട്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വരവ് കണക്കിൻമേലുള്ള പരിശോധന

അംഗത്വ ഫീസ്, കഥകളി കോപ്പുകൾ വാടകയ്ക്ക് നൽകുന്നതിൽ നിന്നുള്ള വരവ്, കഥകളി, ചെണ്ട, കഥകളി സംഗീതം തുടങ്ങിയ കലകൾ പഠിക്കുന്നതിന് കുട്ടികളിൽ നിന്നും വാങ്ങുന്ന ഫീസ്, വിവിധ സംഭാവനകൾ, സർക്കാർ ധനസഹായം എന്നിവ കേരള കലാരംഗം കഥകളി വിദ്യാലയത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളാണ്.

2022-23 വർഷത്തിൽ ഗ്രാന്റ് തുകയായി 10,000/-രൂപ ലഭിച്ചിട്ടുണ്ട്. ദൈനംദിന വരവ് – ചെലവ് രേഖപ്പെടുത്തി ക്യാഷ് ബുക്ക് പരിപാലിച്ചിട്ടുണ്ട്. ചെലവ് രേഖപ്പടുത്തുമ്പോൾ വൗച്ചർ നമ്പർ ഉൾപ്പെടുത്തേണ്ടതാണ്. വർഷാന്ത്യം വരവ് ചെലവ് സംഗ്രഹം രേഖപ്പെടുത്തി ക്യാഷ് ബുക്ക് ആധികാരികമാക്കി സൂക്ഷിച്ചിട്ടുണ്ട്.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ഓഡിറ്റ് ചാർജ്

2022-23 വർഷത്തെ ആകെ വരവ്	56,991/- രൂപ
(-) സർക്കാർ ഗ്രാന്റ്	10,000/- രൂപ
ഓഡിറ്റ് ചാർജ് കണക്കാക്കാവുന്ന വരവ്	46,991/-രൂപ
1% നിരക്കിൽ ഓഡിറ്റ് ചാജ്ജ്	469.91/-രൂപ
ആകെ ഓഡിറ്റ് ചാർജ്ജ്	470/-രൂപ

മുൻ വർഷ റിപ്പോർട്ട് പ്രകാരം ഒടുക്കുവാൻ ബാക്കിയുള്ള 173/-രൂപ ട്രഷറി ചെലാൻ നമ്പർ - KL000122157202425E തീയതി : 01.04.2024 പ്രകാരം ഒടുക്കിയിട്ടുണ്ട്. ഒടുക്കുവാൻ ബാക്കി നിൽക്കുന്ന ഓഡിറ്റ് ചാർജ്ജ് (2022-23 വർഷത്തിലെ) : 470/-രൂപ "0070-60-110-99" (ഓഡിറ്റ് ഫീസ്) എന്ന ശീർഷകത്തിൽ സംസ്ഥാന ട്രഷറിയിൽ ഒടുക്കി അസ്സൽ ചെല്ലാൻ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചുനൽകേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

മുന്നിരിപ്പ്	₹ 70,742.55/-
വരവ്	₹ 56,991/-
ആകെ	₹ 1,27,733.55/-
ചെലവ്	₹ 1,25,500/-
നീക്കിയിരിപ്പ്	₹ 2,233.55/-

4-2 ഗ്രാന്റ് വിനിയോഗ സർട്ടിഫിക്കറ്റ്

2022-23 കാലയളവിൽ ലഭിച്ച ഗ്രാന്റ് വിനിയോഗ സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനോടൊപ്പം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

4-3 വരവ്-ചെലവ് പത്രിക

കേരള കലാരംഗം കഥകളി വിദ്യാലയത്തിന്റെ 2022-23 വർഷത്തിലെ വരവ്-ചെലവ് പത്രിക അനുബന്ധം-II ആയി റിപ്പോർട്ടിനോടൊപ്പം ചേർത്തിരിക്കുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

1

Certificate of Audit

I have examined the accounts of the Kerala Kalarangam Kathakali Vidhyalayam, Poothakulam for the year 2022-23. I have obtained all the information and explanations that I have required and subject to the observations in my report ; I certify as a result of my audit and explanations given to me and shown by books of the institution, that in my opinion the grant – in – aid sanctioned to the institution has been utilised in accordance with the terms and conditions prescribed therefore.

Ref. to the order of Govt. Sanctioning the grant	**year**	**Name of the institution receiving the grant**	**Amt. (₹)**	**Unspent balance to be refunded or adjusted**
A2-8799/22/Cultural Dept. dt. 04.11.2022	2022-23	Kerala Kalarangam Kathakali Vidhyalayam, Poothakulam	10,000/-	Nil

SENIOR DEPUTY DIRECTOR
Kerala State Audit Department
District Audit Office, Kollam

2

കേരള കലാരംഗം കഥകളി വിദ്യാലയത്തിന്റെ 2022-23 വർഷത്തെ വരവ്-ചെലവ് പത്രിക

ഇനം	വരവ് (₹)	ഇനം	ചെലവ് (₹)
മുന്നിരിപ്പ് (ബാങ്കിൽ)	70,742.55/-	അദ്ധ്യാപകരുടെ ശമ്പളം	1,22,000/-
സംഭാവന	2,500/-	വിദ്യാലയം വൃത്തിയാക്കൽ	2,778/-
സർക്കാർ ഗ്രാന്റ്	10,000/-	പായ വാങ്ങിയത്	722/-
കുട്ടികളുടെ ഫീസ്	43,600/-		

ഇനം	വരവ് (₹)	ഇനം	ചെലവ് (₹)
പലിശ	891/-	നീക്കിയിരിപ്പ് (ബാങ്കിൽ)	2233.55/-
ആകെ	**1,27,733.55/-**		**1,27,733.55/-**

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം